DESPATCHED
On 30/4/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ AP Nos. 86 & 87(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File Nos. 1921/SIC-G4/2022 & File No.1784/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 28**

ശ്രീ. അനിൽകുമാർ ബി.,
അറപ്പുരയ്ക്കൽ വീട്,
കോട്ടയ്ക്കകം, പെരിനാട് പി.ഒ.,
കൊല്ലം – 691 601.

} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എൻ.സി.സി. ഗ്രൂപ്പ് ആസ്ഥാനം,
   കോഴിക്കോട് – 673 005.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   എൻ.സി.സി. ഡയറക്ട്രേറ്റ്
   (കേരളവും ലക്ഷദ്വീപും),
   സംസ്ഥാന വിഭാഗം, തിരുവനന്തപുരം.
3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   എൻ.സി.സി. ഡയറക്ടറേറ്റ്
   (കേരളവും ലക്ഷദ്വീപും),
   കേന്ദ്ര വിഭാഗം, തിരുവനന്തപുരം.
4. അപ്പീൽ അധികാരി,
   എൻ.സി.സി. ഗ്രൂപ്പ് ആസ്ഥാനം,
   കോഴിക്കോട് – 673 005.
5. അപ്പീൽ അധികാരി &
   ഡയറക്ടർ,
   എൻ.സി.സി. ഡയറക്ടറേറ്റ്
   (കേരളവും ലക്ഷദ്വീപും),
   സംസ്ഥാന വിഭാഗം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.11.2021, 15.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.12.2021, 9.12.2021, 26.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.12.2021, 16.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 18.1.2022, 13.1.2021, |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.1.2022, 25.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 31.1.222, 28.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.2.2022, 4.2.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.2.2022, 22.2.2022 |

## ഉത്തരവ്

ശ്രീ. അനിൽകുമാർ ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികളിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകാതെ അഴിമതിയുടെ പരസ്പരധാരണയായിട്ട് എൻ.സി.സി യുടെ സംസ്ഥാന വിഭാഗവും സെൻട്രൽ വിഭാഗവും തമ്മിൽ കൈകോർത്ത് പ്രവർത്തിച്ച് വരികയാണെന്നും ആകയാൽ ടിയാൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളും പകർപ്പുകളും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭ്യമാക്കി നൽകണമെന്നും മറുപടി നൽകാൻ കാലതാമസം വരുത്തിയതിന് എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.11.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എൻ.സി.സി ഡയറക്ടറേറ്റിന്റെ 6.8.2021–ലെ 2043/ആർ.ടി.ഐ/പോളിസി/പി&സി നമ്പർ കത്തുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ് :

i. മേൽപ്പടി കത്ത് പ്രകാരം എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് കോഴിക്കോട് കാര്യാലയത്തിലും എതിർകക്ഷികളുടെ കാര്യാലയത്തിന്റെ അധീനതയിലെ എൻ.സി.സി. യൂണിറ്റ്/ബറ്റാലിയനുകൾ എന്നിവയിലെ സംസ്ഥാന പൊതു വിവരാവകാശ അധികാരികൾ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, കെ.എസ്.ആർ പ്രകാരവും സംസ്ഥാന സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരാണോ എന്ന വിവരം ലഭ്യമാക്കുക എന്നും

ii. മേൽപ്പടി കത്ത് പ്രകാരം എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് കോഴിക്കോട് കാര്യാലയത്തിലും അതിന്റെ അധീനതയിലെ എൻ.സി.സി യൂണിറ്റ്/ബറ്റാലിയൻ എന്നീ കാര്യാലയത്തിലേയും സംസ്ഥാന ഒന്നാം അപ്പലേറ്റ് അധികാരി കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടങ്ങൾ 1960, കെ.എസ്.ആർ പ്രകാരവും സംസ്ഥാന

സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരാണോ എന്ന വിവരം ലഭ്യമാക്കുക എന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മൂന്നാം എതിർകക്ഷി മുമ്പാകെ 15.10.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എൻ.സി.സി ഡയറക്ടറേറ്റിന്റെ (കേരളവും ലക്ഷദ്വീപും) 6.8.2021-ലെ 2043/ആർ.ടി.ഐ/പോളിസി/പി&സി നമ്പർ കത്തുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ് :

i. സംസ്ഥാന വിവരാവകാശ നിയമം 2005 പ്രാബല്യത്തിൽ വന്നശേഷം പൊതു ഭരണ (ഏകോപനം) വകുപ്പ് സർക്കുലർ നമ്പർ 77000/സി.എൻ.എൻ/5/06/പൊ.ഭ.വ തീയതി 30/10/2006 പ്രകാരം മേൽപ്പടി കത്തിന് മുന്നോടിയായി എൻ.സി.സി ഡയറക്ടറേറ്റ്, എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, എൻ.സി.സി ബറ്റാലിയൻ/യൂണിറ്റ് എന്നിവയിലെ സംസ്ഥാന വിവരാവകാശ അധികാരികൾ, ഒന്നാം അപ്പലേറ്റ് അധികാരികൾ എന്നിവർ ഏത് പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥരെയാണ് നിയുക്തപ്പെടുത്തിയിരുന്നത് എന്ന വിവരം നൽകണമെന്നും.

ii. മേൽപ്പടി കത്തിന് മുന്നോടിയായി എത്ര പ്രാവശ്യം എൻ.സി.സി യുടെ ഡയറക്ടറേറ്റ്, ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, ബറ്റാലിയൻ/യൂണിറ്റ് എന്നിവയിലെ സംസ്ഥാന വിവരാവകാശ അധികാരികൾ, ഒന്നാം അപ്പലേറ്റ് അധികാരികൾ എന്നിവരെ നിയുക്തപ്പെടുത്തി ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന വിവരം നൽകുക എന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. 22.11.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിലെ 2, 4, 5, 6, 7(1) എന്നിവയ്ക്കുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് എൻ.സി.സി.യുടെ കേന്ദ്ര വിഭാഗം വിവരാവകാശ അധികാരിയുമായി ബന്ധപ്പെടേണ്ടതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ 4-ാം എതിർകക്ഷി പ്രസ്താവിച്ചത്, 2, 4, 5, 6, 7 എന്നിവയ്ക്കുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് എൻ.സി.സി യുടെ കേന്ദ്ര വിഭാഗം വിവരാവകാശ അധികാരിക്ക് അപേക്ഷയുടെ പകർപ്പ് കൈമാറി വിവരം ഹർജിക്കാരനെ അറിയിക്കേണ്ടതാണെന്നാണ്.

5. മൂന്നാം എതിർകക്ഷി മുമ്പാകെ 15.10.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 26.11.2021 തീയതി മൂന്നാം എതിർകക്ഷിയും 9.12.2021 തീയതി രണ്ടാം എതിർകക്ഷിയും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി

മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 16.12.2021-ന് 5-ാം എതിർകക്ഷിയായ അപ്പീൽ അധികാരിക്ക് നൽകിയ അപ്പീൽ ഹർജി തീർപ്പാക്കുന്നതിലേയ്ക്കായി രണ്ടാം എതിർകക്ഷിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും ടി റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ചതനുസരിച്ച് 9.12.2021 തീയതിയിലെ 6342/ഡി1-എസ്റ്റാ/ആർ.ടി.ഐ/2021/എൻ.സി.സി. നമ്പർ കത്ത് മുഖേന ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നും കൂടാതെ അപേക്ഷയുടെ മറുപടി നൽകാൻ കാലതാമസം നേരിട്ടത് ടി വിഷയ സംബന്ധമായ എല്ലാ വിവരങ്ങളും ടി കാര്യാലയത്തിലെ സെൻട്രൽ വിംഗിൽ ആയതിനാൽ സെൻട്രൽ വിംഗിന്റെ മറുപടി കത്തിന്റെ പകർപ്പ് ലഭിക്കാൻ കാലതാമസം നേരിട്ടത് കൊണ്ടാണെന്ന് പ്രസ്തുത കത്തിലൂടെ ഹർജിക്കാരനെ അറിയിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. 5-ാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അനിൽകുമാർ ബി. വിവരാവകാശ നിയമം ദുരുപയോഗം ചെയ്തുകൊണ്ട് എൻ.സി.സിയുടെ വിവിധ ഓഫീസുകളിൽ യാതൊരു പൊതുതാത്പര്യവും ഇല്ലാത്ത വിഷയങ്ങളിൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായി വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുകയും തുടർന്ന് അപ്പീൽ ഹർജിയുമായി കമ്മീഷനെ സമീപിക്കുന്ന രീതിയുമാണ് ചെയ്തു വരുന്നതെന്നും സമാന രൂപത്തിലുള്ള അനേകം അപ്പീൽ ഹർജികൾ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരിഗണനയ്ക്ക് വരികയും തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണെന്നും അവയിലൊന്നിലും പ്രത്യേകിച്ച് പൊതു താത്പര്യങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയതായി കാണുന്നില്ലെന്നും കൂടാതെ ടിയാന്റെ പല ഹർജികളും കമ്മീഷന്റെ വിലപ്പെട്ട സമയം അപഹരിക്കുവാനായി വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്ന പ്രവണത നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി തള്ളി കളഞ്ഞിട്ടുള്ളതാണെന്നും ടിയാന്റെ പല അപേക്ഷകളും ടി കാര്യാലയത്തിലെ ഓഫീസ് കാര്യങ്ങൾക്ക് തടസ്സമുണ്ടാകുന്ന വിധത്തിൽ സമർപ്പിക്കപ്പെടുന്നത് വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്നതിന് സമമാണെന്ന് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നുമാണ്.

7. അപ്പീൽ ഹർജികളും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം മറ്റേതെങ്കിലും പൊതു അധികാരിയുടെയോ/വകുപ്പിന്റെയോ കൈവശമുള്ളതാ-ണെങ്കിലോ, മറ്റൊരു പൊതു അധികാരിയുമായി കൂടുതൽ ബന്ധമുള്ള വിവരമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത് എങ്കിലോ പ്രസ്തുത അപേക്ഷ

വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം 5 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പൊതു അധികാരിക്ക് കൈമാറേണ്ടതും ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എൻ.സി.സി. കേന്ദ്ര വിഭാഗം വിവരാവകാശ അധികാരിയുമായി ബന്ധപ്പെട്ടതാണെന്നറിയാമായിരുന്നിട്ടും അപേക്ഷയുടെ പകർപ്പ് അപ്രകാരം കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നത് എതിർകക്ഷികളുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട 1, 2 എതിർകക്ഷികൾ ഒരിക്കൽ കൂടി പരിശോധിച്ച് ആയതിൽ ഏത് പൊതു അധികാരിയിൽ നിന്നാണോ വിവരം ലഭ്യമാക്കേണ്ടത് എന്ന് പരിശോധിച്ച് അപേക്ഷയുടെ പകർപ്പ് പ്രസ്തുത പൊതു അധികാരിക്ക് 10.5.2022 നകം അയച്ചു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. ഹർജിക്കാരന്റെ ഭാഗത്ത് നിന്നും, വിവരാവകാശ നിയമത്തിന്റെ അന്തസത്ത മനസിലാക്കാതെ, ടി നിയമം ദുരുപയോഗം ചെയ്ത് പൊതു ജനങ്ങൾക്ക് സാധാരണ നൽകി വരുന്ന സേവനങ്ങളെ തടസപ്പെടുന്ന വിധത്തിൽ അപേക്ഷകനോ, പൊതു ജനങ്ങൾക്കോ യാതൊരു പ്രയോജനവും ലഭിക്കാത്ത വിവരങ്ങൾ തേടി നിരവധിയായ ബൃഹത്തായ അപേക്ഷകൾ നൽകി വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി തയ്യാറാക്കി നൽകുന്നതുമൂലം പൊതു അധികാരസ്ഥാനത്തിന്റെയും, ആയതുകളിൽ തുടർന്ന് സമർപ്പിക്കുന്ന അപ്പീലുകളിന്മേൽ നടപടി സ്വീകരിക്കേണ്ടന്നതിനാൽ കമ്മീഷന്റെയും വിലപ്പെട്ട സമയം അപഹരിക്കുന്നതിന് കാരണമായിത്തീരുന്നുണ്ടെന്ന് കമ്മീഷന് ബോധ്യമായിട്ടുള്ളതാണ്. മാത്രമല്ല ഹർജിക്കാരൻ 4.1.2019, 4.6.2019 എന്നീ തീയതികളിൽ കമ്മീഷനിൽ സമർപ്പിച്ച ഹർജികൾ കമ്മീഷൻ ഫയലിൽ സ്വീകരിച്ച് പരിശോധിച്ചതിൽ ഹർജിക്കാരൻ സമർപ്പിക്കുന്ന വിവരാവകാശ അപേക്ഷകൾ എല്ലാം തന്നെ അപേക്ഷകനോ പൊതുജനത്തിനോ യാതൊരു പ്രയോജനവും ഇല്ലാത്ത വിവരങ്ങൾ തേടിക്കൊണ്ടുള്ളതാണെന്നും നിരന്തരമായി ഇത്തരത്തിലുള്ള അപേക്ഷകൾ അയക്കുന്നത് പൊതു അധികാര സ്ഥാനത്തിന്റെയും, കമ്മീഷന്റെയും വിലപ്പെട്ട സമയം അപഹരിക്കുന്നതായിട്ടുള്ളതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവണത ഭാവിയിൽ ഒഴിവാക്കണമെന്ന് നിർദ്ദേശം നൽകി മേൽ പരാമർശിച്ച 4.1.2019, 4.6.2019 എന്നീ തീയതികളിൽ ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച ഹർജികൾ എ.പി.14 & 1718(3)/2019/എസ്.ഐ.സി പ്രകാരം തീർപ്പാക്കി കമ്മീഷൻ 20.12.2019-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

9. ഇപ്പോൾ കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന എ.പി. 86(1)/2022/എസ്.ഐ.സി, എ.പി.87(1)/2022/എസ്.ഐ.സി, എന്നീ നമ്പർ അപ്പീൽ ഹർജികളിലും ഇത്തരത്തിൽ പ്രത്യേകിച്ച് യാതൊരു പൊതു താത്പര്യവും ഉള്ള ചോദ്യങ്ങൾ ഉന്നയിച്ചതായി കാണുന്നില്ല. ആയതിനാൽ ഉത്തരത്തിൽ യാതൊരു പൊതു താത്പര്യവും ഇല്ലാത്ത അപേക്ഷകൾ കഴിവതും ഒഴിവാക്കുവാൻ ഹർജിക്കാരൻ ശ്രദ്ധിക്കണമെന്ന് കമ്മീഷൻ ഹർജിക്കാരനെ ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരൻ 22.11.2021 ന് 8 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 2, 4, 5, 6, 7 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലും 15.10.2021 ന് 13 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിലും ആക്ഷേപം ഉന്നയിച്ചുകൊണ്ട് കമ്മീഷനിൽ സമർപ്പിച്ച ഈ രണ്ട് അപ്പീലുകളും ഒരുമിച്ച് പരിഗണിച്ച് ടി ഉത്തരവിലെ 7-ാം ഖണ്ഡികയിലെ കമ്മീഷൻ നിർദ്ദേശം സമയബന്ധിതമായി നടപ്പിലാക്കണമെന്ന് 1, 2 എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി അപ്രകാരം ടി അപ്പീലുകൾ തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk